# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 26-04-2012

## എസ്.എസ്.എൽ.സി പരീക്ഷാ ഫലം -
## സർക്കാരിന്റെ കണ്ണ് തുറപ്പിക്കുന്നത്

**കെ.എസ്.ടി.എ**

സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം കൊടുത്തുകൊണ്ട് പൊതുവിദ്യാലയങ്ങളെ തകർക്കാൻ ശ്രമിക്കുന്ന യു.ഡി.എഫ് സർക്കാരിന്റെ കണ്ണുതുറപ്പിക്കുന്നതാണ് ഇക്കൊല്ലത്തെ എസ്.എസ്.എൽ.സി പരീക്ഷാഫലമെന്ന് കെ.എസ്.ടി.എ സംസ്ഥാനകമ്മിറ്റി അഭിപ്രായപ്പെട്ടു. അഞ്ചുവർഷക്കാലത്തെ എൽ.ഡി.എഫ് ഭരണംകൊണ്ട് പൊതുവിദ്യാഭ്യാസരംഗത്തുണ്ടായ നേട്ടങ്ങളാണ് ഈ പരീക്ഷാഫലത്തിൽ പ്രതിഫലിച്ചത്. കഴിഞ്ഞ വർഷം പൊതുവിദ്യാലയങ്ങളിലെ ഉയർന്ന വിജയശതമാനത്തെ പരിഹസിച്ച മന്ത്രിക്കുതന്നെ ഈ റിക്കാർഡ് റിസൽട്ട് പ്രഖ്യാപിക്കേണ്ടിവന്നു.

ഈ വർഷം 11261 കുട്ടികൾ കൂടുതലായിരുന്നു. മൂന്നുവർഷംകൊണ്ട് കാൽലക്ഷത്തിലധികം കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ വർദ്ധിച്ചു. യു.ഡി.എഫ് സർക്കാർ അധികാരമേറ്റയുടൻതന്നെ അക്കാദമികരംഗത്ത് ആശയക്കുഴപ്പമുണ്ടാക്കിയിരുന്നു. പത്താംതരം പാഠപുസ്തകം പിൻവലിക്കുമെന്ന് പ്രഖ്യാപിച്ചു. ചരിത്രപാഠപുസ്തകത്തിൽ ആദ്യത്തെ അധ്യായം പഠിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. ഓണപ്പരീക്ഷ വേണമെന്നും എസ്.എസ്.എൽ.സി പരീക്ഷ ആവശ്യമില്ലെന്നും പറഞ്ഞു. അനാവശ്യമായ പരിഷ്ക്കാരങ്ങളുടെ പേരിൽ കടുത്ത ആശയക്കുഴപ്പമുണ്ടാക്കി. അധ്യാപകരുടെ കൂട്ടായ പരിശ്രമത്തിലൂടെ പ്രതിസന്ധികളെ അതിജീവിച്ച് മെച്ചപ്പെട്ട റിസൽട്ട് ഉണ്ടാക്കാൻ കഴിഞ്ഞു. ആയിരത്തോളം സ്കൂളുകളിൽ കെ.എസ്.ടി.എ വിദ്യാജ്യോതി പദ്ധതി നടപ്പിലാക്കിയത് പൊതുവിദ്യാലയങ്ങളിൽ മെച്ചപ്പെട്ട റിസൽട്ട് ഉണ്ടാക്കി. എല്ലാവിദ്യാർത്ഥികളും വിജയിച്ച 711 സ്കൂളുകളിൽ 458 എണ്ണവും പൊതുവിദ്യാലയങ്ങളാണ്. A+ ഗ്രേഡ് ലഭിച്ച കുട്ടികളുടെ എണ്ണം 6995 ആയി ഉയർന്നു. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കിയുള്ള ആദ്യപരീക്ഷാഫലമാണിത്. പൊതുവിദ്യാലയങ്ങളെ തള്ളിപ്പറയുന്നവരുടെ നാവടിപ്പിക്കുന്ന പരീക്ഷാഫലം ഉണ്ടാകുന്നതുനു പരിശ്രമിച്ച അധ്യാപകരെ കെ.എസ്.ടി.എ അഭിനന്ദിച്ചു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി